(ഡി) സ്റ്റൈപ്പന്റ് നൽകുന്നകാര്യത്തിൽ സ്ഥാപനത്തിന്റെ പദവിക്ക് പ്രസക്തിയില്ലെന്നുള്ള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പി.ജി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകാതിരിക്കുന്ന മാനേജ്മെന്റുകൾ ഏതൊക്കെയാണ് ; ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) സ്റ്റൈപ്പന്റ് നൽകുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2015-16 അക്കാഡമിക വർഷം മുതൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ് ഉകതന്നെ സ്വാശ്രയ മാനേജ്മെന്റുകളും നൽകുന്നതാണ് എന്ന കാര്യം സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉത്തരം (എ) (ബി) എന്നിവയുടെ വെളിച്ചത്തിൽ ബാധകമല്ല.

മെഡിക്കൽ എയ്ഡഡ് മേഖലയിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി

140 (805) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മെഡിക്കൽ എയ്ഡഡ് മേഖലയിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെകീഴിൽ മെഡിക്കൽ എയ്ഡഡ് മേഖലയിൽ സ്ഥാപനങ്ങൾ തുടങ്ങിയിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ

141 (806) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഏതൊക്കെ വകുപ്പുകളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കെട്ടിടത്തിന് എത്ര നിലകളുണ്ട് എന്നും ഏതൊക്കെ നിലകളിലാണ് ഓരോ വിഭാഗവും പ്രവർത്തിക്കുന്നത് എന്നും വ്യക്തമാക്കുമോ ;

(സി) ഇനി ഏതൊക്കെ വിഭാഗങ്ങളാണ് പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) കാർഡിയോളജി, നെഫ്രോളജി വാർഡുകളിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതുകാരണം രോഗികളും ഡോക്ടർമാരും മറ്റ് ജീവനക്കാരും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത വാർഡുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ന്യൂറോ മെഡിസിൻ, കാർഡിയോളജി, നെഫ്രോളജി, ന്യൂറോസർജറി, കാർഡിയോ വാസ്കുലാർ തൊറാസിക്സർജറി, യൂറോളജി എന്നീ വിഭാഗങ്ങളാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ആകെ 8 നിലകളുണ്ട്. ഓരോ നിലയിലും പ്രവർത്തിക്കുന്ന വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു :

ബേസ്മെന്റ് - യൂട്ടിലിറ്റി, എച്ച്.എൽ.എൽ. നടത്തുന്ന എം.ആർ.ഐ. യൂണിറ്റ്

ഒന്നാം നില - മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ ഒ.പി. എം.ആർ.ഐ.സ്കാൻ, എക്സ്റേ, എക്കോ, ഇ.സി.ജി.

രണ്ടാം നില - സ്കാനിംഗ്, ഡോപ്ലർ, ഇ.എസ്.ഡബ്ല്യു.എൽ, റീനൽ ലാബ്, കാത്ത് ലാബ്, ഇ.ഇ.ജി., റ്റി.എം.റ്റി

മൂന്നാം നില - കാർഡിയോളജി ഐ.സി.യു.-വും വാർഡുകളും നെഫ്രോളജി ഐ.സി.യു-വും വാർഡും ഡയാലിസിസ് യൂണിറ്റും.

നാലാം നില - ന്യൂറോ മെഡിസിൻ ഐ.സി.യു.-വും വാർഡുകളും ഡയാലിസിസ് (സ്നേഹ സ്പർശം)

അഞ്ചാം നില - കാരുണ്യ ഡയാലീസിസ്, മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി വാർഡുകൾക്കായി മാറ്റിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആറും ഏഴും നില - തിയേറ്റർ കോംപ്ലക്സ്, സർജിക്കൽ, ഗ്യാസ്ട്രോ എന്ററോളജി, സി.വി.ടി.എസ്, യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങളുടെ വാർഡുകൾ എന്നിവയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

എട്ടാം നില - സീനിയർ റസിഡൻസിന്റെ ഹോസ്റ്റൽ

(സി) ഗ്യാസ്ട്രോ എന്ററോളജി, സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി എന്നീ വിഭാഗങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീയേറ്റർ കോംപ്ലക്സിന്റെ പണി പൂർത്തിയാവുന്നതോടെ സി.വി.ടി.എസ്., യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങളും മാറ്റുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സൗകര്യങ്ങളുടെ അപര്യാപ്തത ബോധ്യപ്പെടുന്നപക്ഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ മെഡിക്കൽ കോളേജുകൾ

142 (807) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു; എം.ബി.ബി.എസ്.-നും എം.ഡി./എം.എസ്.-നും എത്ര സീറ്റുകൾ ലഭ്യമായിരുന്നു ; ഇപ്പോൾ എത്ര സീറ്റുകൾ ലഭ്യമാണ് ;

(സി) അടുത്ത രണ്ടുവർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചു. കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാസർഗോഡ്, വയനാട്, പുതിയ തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.